കൊച്ചിൻ നഗരസഭയുടെ ഓഡിറ്റ്

48 (1871) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയുടെ ഏതുവർഷം മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം 1997-98, 1998-99 വർഷത്തെ കൊച്ചി നഗരസഭയുടെ ചെലവുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ വർഷത്തെയും ചെലവുകളിൽ കണ്ടുപിടിക്കപ്പെട്ട ക്രമക്കേടുകളുടെ വിവരം ലഭ്യമാക്കുമോ;

(ഡി) ഓഡിറ്റിന് വീഴ്ച വരുത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ;

(ഇ) കൊച്ചി നഗരസഭാ ഓഡിറ്റിൽ മൂന്നു വർഷത്തിലധികമായി ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരം അറിയിക്കുമോ;

(എഫ്) മൂന്നുവർഷത്തിൽ കൂടുതലായി ഈ ഓഫീസിൽ തുടരുന്നവരെ കൊച്ചിയിലെ മറ്റേതെങ്കിലും ഓഡിറ്റാഫീസുകളിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1992-93 വർഷംമുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുണ്ട്.

(ബി) 1997-98 വർഷത്തെ ചെലവിനങ്ങളുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. 1998-99 വർഷത്തെ ചെലവിനങ്ങളുടെ ഓഡിറ്റ് നടന്നുവരുന്നു.

(സി) ചെലവിനങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച വിവരം കൊച്ചി നഗരസഭാ ഓഡിറ്റിൽ നിന്ന് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഡി) ഓഡിറ്റിന് വീഴ്ചവരുത്തിയിട്ടില്ല. വാർഷിക കണക്കുകൾ ലഭ്യമാക്കിയകാലത്തെ ഓഡിറ്റ് ചെയ്തു തീർത്തിട്ടുണ്ട്.

(ഇ) കൊച്ചി നഗരസഭ ഓഡിറ്റിൽ മൂന്നു വർഷത്തിലധികമായി ജോലിചെയ്യുന്ന ജീവനക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

ശ്രീമതി സി.കെ. കാർത്ത്യാനി-ഓഡിറ്റ് ഓഫീസർ

ശ്രീമതി എ. കുമാരി-സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ

ശ്രീ. കെ.കെ. കുട്ടപ്പൻ-സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ

ശ്രീ. കെ.വി. വേണുരാജൻ - സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ

ശ്രീ. പി.ജി. ഗോപകുമാർ - സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി അസുംതാ റോഡ്രി ഗോസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ

(എഫ്) ഒരാളെ മൂന്നുവർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ തുടരാൻ അനുവദിച്ചുകൂടാ എന്ന നിർബന്ധ വ്യവസ്ഥ നിലവിലില്ല. കൂടാതെ മുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ പറഞ്ഞ ഉദ്യോഗസ്ഥരെ മറ്റേതെങ്കിലും ഓഫീസിലേയ്ക്ക് മാറ്റേണ്ട പ്രത്യേക ആവശ്യം ഉണ്ടായിട്ടുള്ളതായും കാണുന്നില്ല.

തിരുവനന്തപുരം കോർപ്പറേഷൻ ഓഡിറ്റ് ഡി.ഡി.യെ സ്ഥലം മാറ്റിയ ഉത്തരവ്

49 (1872) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ തൽസ്ഥാനത്തുനിന്ന് മാറ്റിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ ഉദ്യോഗസ്ഥനെ മാറ്റാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ; മാറ്റുന്നതിനുള്ള കാരണം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഓഡിറ്റിന് കണക്കുകൾ നൽകാത്തതിനാൽ നഗരസഭാ സെക്രട്ടറിക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു.+

(ബി) ഭരണപരമായ സൗകര്യത്തിന് വേണ്ടിയാണ് സ്ഥലംമാറ്റം നടത്തിയത്.

(സി) നഗരസഭാ സെക്രട്ടറിക്കെതിരെ തിരുവനന്തപുരം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ കോടതി 3-ൽ നം.എസ്.ടി. 2570/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനെതിരെ നഗരസഭാ സെക്രട്ടറി കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച് രേഖാമൂലം വിവരം ലഭിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാനുള്ള ഓഡിറ്റ് നടപടി

50 (1873) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് വകുപ്പ് ഓഡിറ്റ് ചെയ്ത വകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഡിറ്റ് ഫീ ഇനത്തിൽ എത്ര കോടി രൂപ ലഭിക്കാനുണ്ട്;

(ബി) ഇതു പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) ഓഡിറ്റ് ഫീ കുടിശ്ശിക അതതു സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ 1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് എന്തെല്ലാം വ്യവസ്ഥകൾ നിലവിലുണ്ട്;

+ അനുബന്ധം - IV

1137/2010.

LIBRARY ARCHIVES Kerala Legislative Assembly